# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3231 — 03.04.2013 ൽ മറുപടിക്ക്

**പഞ്ചായത്ത് സ്കൂളുകളിലെ സാലറി ഹെഡ് ഗവൺമെന്റ് ഹെഡിനു കീഴിലാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | കൊരട്ടി പഞ്ചായത്ത് എൽ.പി. സ്ക്കൂളിൽ സ്വീപ്പർ തസ്തിക (പി.റ്റി.സി.എം) സൃഷ്ടിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; | (എ) | 02.01.2010 ലെ സ.ഉ.(കൈ) നം.2/2010/പൊ.വി.വ. പ്രകാരം സർക്കാർ ഏറ്റെടുത്ത 72 പഞ്ചായത്ത്/മുനിസിപ്പൽ ലോവർ പ്രൈമറി സ്കൂളുകളിൽ സർക്കാർ ലോവർ പ്രൈമറി സ്കൂളുകളുടേതിന് സമാനമായി പി.റ്റി.സി.എം തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | നൂറ്റി അമ്പത് കുട്ടികളിൽ കൂടുതൽ പഠിയ്ക്കുന്ന ഗവൺമെന്റ് എൽ.പി. സ്കൂളുകളിൽ എച്ച്.എം നു പുറമേ ഒരു ടീച്ചറെക്കൂടി അനുവദിയ്ക്കുന്ന ഉത്തരവ് പ്രകാരം കൊരട്ടി പഞ്ചായത്ത് എൽ.പി.സ്കൂളിൽ ഇപ്രകാരം ഒരു ടീച്ചർ തസ്തിക കൂടി അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 28.12.2011 ലെ ജി.ഒ (പി) നം.256/11/ജി.ഇ.ഡി.എൻ ഉത്തരവ് പ്രകാരം 150 കുട്ടികളിൽ കൂടുതലുള്ള സർക്കാർ എൽ.പി.സ്കൂളുകളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താവുന്നതാണ്. കൊരട്ടി പഞ്ചായത്ത് എൽ.പി. സ്കൂൾ സർക്കാർ എൽ.പി സ്കൂളായി മാറിയിട്ടുള്ള സാഹചര്യത്തിൽ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു ടീച്ചർ തസ്തിക കൂടി അനുവദിയ്ക്കുന്നകാര്യം പരിഗണിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പഞ്ചായത്ത് സ്കൂളുകളിലെ സാലറി ഹെഡ് എയ്ഡഡ് മേഖലയിൽ നിലനിൽക്കുന്നത് മാറ്റി ഗവൺമെന്റ് ഹെഡിനു കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ